## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4057 — 16.03.2017-ൽ മറുപടിയ്ക്ക്

### മാതൃഭാഷ സംസാരിക്കുന്നതിന് വിലക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>പ്രൊഫ. കെ. യു. അരുണൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീമതി. പി. അയിഷാ പോറ്റി : | | ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | സംസ്ഥാനത്തെ നിരവധി അൺ എയിഡഡ് സ്വകാര്യ സ്കൂളുകളിലും നേഴ്സറി സ്കൂളുകളിൽ പോലും മാതൃഭാഷ സംസാരിക്കുന്നതിന് വിലക്കുള്ളതും അത് ലംഘിക്കുന്നവരെ പ്രാകൃത രീതിയിൽ ശിക്ഷിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | രക്ഷിതാക്കളുടെ അഭീഷ്ടപ്രകാരം ഉണ്ടായിരിക്കുന്ന ഈ സാംസ്കാരിക അപചയം തടയാനായി എന്തെങ്കിലും പദ്ധതിയുണ്ടോ; | (ബി) | വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (സി) | രക്ഷിതാക്കളുടെയും സമൂഹത്തിന്റെ ആകെയും വികല ധാരണയുടെ ഫലമായി സർക്കാർ സ്കൂളുകളിൽ പോലും അധ്യയനം ഇംഗ്ലീഷ് മാധ്യമത്തിലാക്കാൻ നിർബന്ധിതമായ സാഹചര്യത്തിൽ ഈ തെറ്റായ ധാരണ തിരുത്താനായി സാംസ്കാരിക വകുപ്പ് ഏതു തരത്തിൽ ഇടപെടാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | സി) | സംസ്ഥാനത്തെ സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയതിനാൽ സാംസ്കാരികകാര്യ വകുപ്പിന് ഈ വിഷയത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നതല്ല. എന്നാൽ വിദ്യഭ്യാസ വകുപ്പ് നിർദ്ദേശിക്കുകയാണെങ്കിൽ മലയാള ഭാഷാ പഠനത്തിന് ആവശ്യമായ സംയുക്ത നടപടികൾ സാംസ്കാരിക വകുപ്പ് ഏറ്റെടുക്കാൻ തയ്യാറാവുന്നതാണ്. |

സെക്ഷൻ ഓഫീസർ